**A** 

## സമഗ്ര ശിക്ഷ, കേരളം

# അർദ്ധവാർഷിക മൂല്യനിർണയം 2018–19

## മലയാളം

ക്ലാസ് : 6 **കേരളപാഠാവലി** സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും നാലു പ്രവർത്തനങ്ങൾക്ക് മാത്രം ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം.1 – വായിക്കാം എഴുതാം**

ചുവടെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിക്കുക.

*"മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം*
*ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം*
*അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ*
*സമ്മേളിച്ചീടുന്നതൊന്നാമതായ്*
*മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ*
*മർത്യനു പെറ്റമ്മ തൻ ഭാഷതാൻ*
*മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ*
*പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ*
*അമ്മ താൻ തന്നെ പകർന്നു തരുമ്പോഴേ*
*നമ്മൾക്കമൃതുമമൃതായ് തോന്നൂ".*

| |
|---|
| ധാത്രി- പോറ്റമ്മ |
| ദുഗ്ദ്ധം- പാൽ |

ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം എടുത്തെഴുതുക

1. മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളംചുണ്ടിൽ ആദ്യമായ് വരുന്ന വാക്കേത് ?
   (പാൽ, അമ്മ, അച്ഛൻ)
2. മറ്റുള്ള ഭാഷകളെ എന്തായിട്ടാണ് കവി വിശേഷിപ്പിച്ചിരിക്കുന്നത്?
   (ധാത്രി, ധരിത്രി, ധരണി)
3. പൈതങ്ങൾ പൂർണ വളർച്ച നേടണമെങ്കിൽ എന്തു കിട്ടണമെന്നാണ് കവി പറയുന്നത്?
   (ശാസന ലഭിക്കണം, അറിവു നേടണം, വാത്സല്യദുഗ്ദ്ധം നുകരണം)
4. 'അമ്മ' എന്ന അർഥം വരുന്ന മറ്റൊരു പദം കണ്ടെത്തി എഴുതൂ. . . .
   (മാതാവ്, ധരിത്രി, താതൻ,)
5. എന്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് കവിതയിൽ പറയുന്നത്?
   (സ്വാതന്ത്ര്യത്തിന്റെ, സ്നേഹത്തിന്റെ, മാതൃഭാഷയുടെ)

**പ്രവർത്തനം.2 – ആസ്വാദനക്കുറിപ്പ്**

"ചിത്രശലഭങ്ങൾ എന്ന നാടകത്തിലെ മുത്തശ്ശി സ്വന്തം മക്കളെ രക്ഷിക്കാൻ മുന്നിട്ടിറങ്ങുന്ന പ്രകൃതി തന്നെയാണ്. മാലാഖമാർ പുതിയ സമൂഹത്തിനെയും കുട്ടികളെയും

പ്രതിനിധാനം ചെയ്യുന്നു. സിംഹമാകട്ടെ സ്വാർത്ഥതയുടെ പ്രതീകവും. ഒട്ടേറെ സന്ദേശങ്ങൾ തരുന്ന ഒരു നാടകമാണ് ചിത്രശലഭങ്ങൾ. പുതിയ കാലത്തെ വാർത്തകളും അനുഭവങ്ങളും ഒക്കെ ചേർത്ത് ചിത്രശലഭങ്ങൾ എന്ന നാടകത്തിന് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം.3 – ജീവചരിത്രക്കുറിപ്പ്**




നിങ്ങൾക്കറിയാവുന്ന വിവരങ്ങൾ കൂട്ടിച്ചേർത്തു ജീവചരിത്രക്കുറിപ്പു തയാറാക്കുക

**പ്രവർത്തനം. 4 – അഭിപ്രായക്കുറിപ്പ്**

*"പൊരുതുക വിജയത്തിൻ മുഖത്തുനോക്കി നിൽക്കാതെ*
*പൊരുതുക പിൻവാങ്ങട്ടെ ഭയാശങ്കകൾ"* – പി. കുഞ്ഞിരാമൻ നായർ

ജീവിതത്തിൽ നിരവധി പ്രശ്നങ്ങൾ നേരിടുന്നവരാണ് എല്ലാവരും. അതിനെ ഇച്ഛാശക്തി കൊണ്ട് തരണം ചെയ്യുന്നവർ വിരളവും. ഡോ.എ.പി.ജെ അബ്ദുൾ കലാമിന്റെയും, ജോർജ്ജ് ഗഫൽസിന്റേയും അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ അഭിപ്രായം കുറിപ്പാക്കി എഴുതുക.

**പ്രവർത്തനം 5 – വിവരണം തയാറാക്കുക**

എ) താഴെ തന്നിരിക്കുന്ന കലാരൂപങ്ങളെ നാടൻകലകൾ, ക്ലാസിക്കൽ കലകൾ എന്നിങ്ങനെ പട്ടികപ്പെടുത്തുക. ഏതെങ്കിലും ഒരു നാടൻ കലാരൂപത്തെക്കുറിച്ച് ലഘു വിവരണം തയാറാക്കുക.

| |
|---|
| കാക്കാരിശ്ശി നാടകം, കഥകളി, കണ്യാർകളി, തെയ്യം, കൂത്ത്, തിറ, കൂടിയാട്ടം, പടയണി, ഓട്ടൻതുള്ളൽ, മുടിയേറ്റ്, ഒപ്പന, ചവിട്ടുനാടകം, കോൽക്കളി, മാർഗംകളി |

ബി) തെയ്യം എന്ന പദം .......... എന്നതിൽ നിന്ന് രൂപം കൊണ്ടതാണ്. (ദൈവം, തിറ, തോറ്റം)

**പ്രവർത്തനം 6 – കഥാപാത്രനിരൂപണം**

'ഹാമെലിനിലെ കുഴലൂത്തുകാരൻ' എന്ന കഥ കൊടുംചതിയുടേതാണ്. എലികളെക്കൊണ്ട് പൊറുതിമുട്ടിയ പട്ടണത്തെ രക്ഷിക്കാൻ എത്തിയ കുഴലൂത്തുകാരൻ കൊടുക്കാമെന്നേറ്റ പണം കിട്ടാതെ വഞ്ചിതനാകുന്നു. അയാളുടെ ഉള്ളിലുണ്ടാകുന്ന ചിന്തകൾ എന്തൊക്കെയാകാം? നടന്ന സംഭവങ്ങൾ, മറ്റു കഥാപാത്രങ്ങൾ ..... ഇവയെല്ലാം പരിഗണിച്ചു കൊണ്ട് കുഴലൂത്തുകാരനെക്കുറിച്ച് ഒരു **കഥാപാത്രനിരൂപണം** തയാറാക്കുക.